LIBRARY ARCHIVES Kerala Legislative Assembly

ലീഗൽ മെട്രോളജി വകുപ്പിലെ സ്ഥിരനിയമനം

331 (5056) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച താലൂക്കുകളിൽ ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ ഫുൾടൈം വാച്ചർ, ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിലായി എത്ര താൽക്കാലിക ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഫുൾടൈം വാച്ചർ തസ്തികയിൽ 9 ഒഴിവും ഓഫീസ് അറ്റന്റന്റ് തസ്തികയിൽ 8 ഒഴിവുമാണുള്ളത്. ടി ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സ്ഥിരനിയമനം നടത്തുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമെന്ന് അറിയിക്കാമോ?

ഇല്ല. പുതുതായി രൂപീകരിച്ച 14 താലൂക്കുകളിൽ ഇൻസ്പെക്ടർ, ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ്, ക്ലർക്ക് എന്നിങ്ങനെ 42 സ്ഥിരം തസ്തികകളും, 14 ഫുൾടൈം വാച്ചർ, 14 ഓഫീസ് അറ്റന്റന്റ്, എന്നിങ്ങനെ താല്കാലിക തസ്തികകളും സൃഷ്ടിക്കുവാൻ 6-7-2018-ലെ സ.ഉ.(കൈ) നമ്പർ 27/2018/ഉ.കാ.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സാമ്പത്തിക പ്രതിസന്ധി കാരണം ടി താല്കാലികതസ്തികകൾ സ്ഥിരം തസ്തികകളാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല. പ്രസ്തുത താല്കാലിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും പ്രസ്തുത തസ്തികകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്ന കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം പുതുതായി അനുവദിച്ച താലൂക്കുകളിൽ വകുപ്പിന് കീഴിലെ ഫുൾടൈം വാച്ചർ, ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽനിന്നും താല്കാലിക നിയമനത്തിന് താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും ലഭ്യമാക്കി നിയമനം നടത്തുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം, പുതുതായി രൂപീകരിച്ച 14 താലൂക്ക് ഓഫീസുകളിൽ,

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെട്ട കാട്ടാക്കട, വർക്കല എന്നീ 2 ഇൻസ്പെക്ടറാ ഫീസുകളിലുള്ള ഫുൾടൈം വാച്ചർ, ഓഫീസ് അറ്റന്റന്റ് തസ്തികകളിലേക്ക്, താല്കാലിക നിയമനത്തിന് താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ലീഗൽ മെട്രോളജി കൺട്രോളർ തിരുവനന്തപുരം ജില്ലാ പി.എസ്.സി. ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

മാലിന്യത്തിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ

332 (5057) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽനിന്നും വ്യാവസായികമായി ഉത്പാദിപ്പിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാലിന്യത്തിൽനിന്നും വ്യാവസായികമായി ഉത്പാദിപ്പിക്കാൻ കഴിയുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ നിലവിൽ പഠനം നടത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ഇത്തരത്തിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുംവിധം രൂപപ്പെടുത്തുന്നതിന് ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ മാലിന്യത്തിൽനിന്നും വ്യാവസായികമായി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുംവിധം രൂപപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ പദ്ധതികൾ വിഭാവനം ചെയ്തിട്ടില്ല.

(സി) ഇലക്ട്രോണിക് വേസ്റ്റ് ഉപയോഗിച്ച് പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന്റെ സാങ്കേതികത പഠന വിധേയമാക്കുമോ; വ്യക്തമാക്കുമോ?

സുരക്ഷിതമായ സംസ്കരണം നടത്തുന്നതിലേക്കായി ഇലക്ട്രോണിക് മാലിന്യ ശേഖരണം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് തദ്ദേശസ്വയം ഭരണവകുപ്പിനു കീഴിലുള്ള ക്ലീൻ കേരള കമ്പനിയെയാണ്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സ്ഥാപനമായ Centre for Materials for Electronics Technology (CMET)-യുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനി ആവശ്യമായ നിർദ്ദേശങ്ങൾ തേടാറുണ്ട്. ഇലക്ട്രോണിക് വേസ്റ്റ് ഉപയോഗിച്ച് പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന്റെ സാങ്കേതികത സംബന്ധിച്ച് CMET-യുമായി സഹകരിച്ച് പഠനം നടത്തുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.